


## 2025 – 26

# വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി. യു. പി. എസ് നാലിലാംകണ്ടം

ചെറുവത്തൂർ ഉപജില്ല, കാസറഗോഡ്

**സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി**

**പൊതുവിദ്യാഭ്യാസ വകുപ്പ് – കേരള സർക്കാർ**

# മുൻപെ പറക്കാം

## ആമുഖം

ഒരു നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതി നിർണ്ണയിക്കുന്ന അടിസ്ഥാനഘടകം അവിടുത്തെ വിദ്യാലയമാണ്. ഉള്ളടക്കത്തിലും പ്രയോഗത്തിലും സമീപനത്തിലും സാമൂഹിക കാഴ്ച്ചപ്പാട് സന്നിവേശിപ്പിച്ച ഒരു പാഠ്യപദ്ധതിയാണ് നാമിന്ന് സ്വീകരിച്ചിട്ടുള്ളത്. കേവലം അറിവ് സമ്പാദിക്കുന്നതിലുപരിയായി ചലനാത്മകവും വികസനോന്മുഖവും പ്രതിസന്ധികളെ തരണം ചെയ്ത് മുന്നോട്ട് നടക്കാനുള്ള പ്രയോഗിക ശേഷി നൽകുന്നതുമായ ഒരു സർഗ്ഗാത്മക പ്രവർത്തനമായി പഠനം മാറുകയാണ്. ഈയൊരു കാഴ്ച്ചപാട് അതിന്റെ എല്ലാ അർത്ഥത്തിലും വ്യാപപ്തിയിലും ഉൾക്കൊണ്ട് പ്രയോഗത്തിൽ വരുത്താനുള്ള യജ്ഞത്തിനാണ് നാലിലാംകണ്ടം ഗവൺമെന്റ് യു.പി.സ്കൂളിന്റെ അക്കാദാമിക്ക് മാസ്റ്റർ പ്ലാൻ 'മുൻപെ നടക്കാം' എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്നത്. കാസറഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡായ വലിയപൊയിലിലാണ് ജി.യു.പി.എസ്. നാലിലാംകണ്ടം സ്ഥിതിചെയ്യുന്നത്. 1962 ൽ എൽ.പി. സ്കൂളായി ആരംഭിക്കുകയും 1976 ൽ യു.പി.സ്കൂളായി ഉയർത്തുകയും ചെയ്തു. കാഞ്ഞങ്ങാട് വിദ്യാഭ്യാസജില്ലയിൽ ചെറുവത്തൂർ ഉപജില്ലയിലെ സ്കൂളുകളിൽ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ മുൻനിരയിലാണ് ഈ വിദ്യാലയം.

## പരിമിതികൾ

- അസംബ്ലി ചേരാനുള്ള ഓഡിറ്റോറിയത്തിന്റെ അഭാവം
- പരിമിതമായ കെട്ടിട സൗകര്യം.
- സ്മാർട്ട് ക്ലാസ്, മീറ്റിംഗ് ഹാൾ, ലൈബ്രറി, ലബോറട്ടറി, ഐ.ടി ലാബ് എന്നിവയുടെ അഭാവം.
- ഗേൾസ് ഫ്രണ്ട്‌ലി ടോയിലറ്റിന്റെ അഭാവം.

## പൊതു ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക , അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി  ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## വിദ്യാരംഗം കലാസാഹിത്യ വേദി

കലാസാഹിത്യ സൗഹൃദ വിദ്യാലയം എന്ന ലക്ഷ്യത്തിലൂന്നിയാണ് വിദ്യാരംഗം കലാ സാഹിത്യവേദിയുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. 'വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക' എന്ന് ഉദ്ഘോഷിച്ച് കേരളത്തിലൂടനീളം സഞ്ചരിച്ച മാഹാത്മാവ് പി.എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതലാണ് വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

| ക്രമനം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | ധനകാര്യം |
|---|---|---|---|---|---|---|
| 1 | വായിക്കാം വളരാം | കുട്ടിയെ വായനയിലേക്ക് നയിക്കുക | **വായനയുടെ താക്കോൽ**<br>എല്ലാ ദിവസവും രാവിലെ ഒരു പുസ്തകത്തിന്റെ കുറച്ച് ഭാഗം ആകർഷകവും ഭാവാത്മകവുമായി വായിച്ചവതരിപ്പിക്കുന്നു. കുട്ടികൾക്ക് അതിന്റെ ബാക്കി ഭാഗം വായിച്ചറിയാനുള്ള തരത്തിൽ വായന നിർത്തുന്നു. തുടർന്ന് കുട്ടികൾ ലൈബ്രറിയിൽനിന്ന് പുസ്തകമെടുത്ത് വായിക്കുന്നു. (ലിറ്റിൽ വോയ്സ് ആകാശവാണിയിലൂടെയാണ് പുസ്തകങ്ങൾ വായിക്കുന്നത്. | ജൂൺ 1 മുതൽ മാർച്ച് വരെ | വിദ്യാരംഗം കോർഡിനേററർ ലൈബ്രറി ചാർജ്ജുള്ളയാൾ, ആകാശവാണി ഡയറക്ടർ | |
| 2 | കവിതാസ്വാദനം | കവിത വായിക്കുന്നതിനും കേൾക്കുന്നതിനും താൽപ്പര്യമുാക്കാൻ | **കാവ്യക്കൂട്ടം**<br>കുട്ടികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ ഉൾപ്പെട്ട കവിയരങ്ങ്.(സ്വന്തം കവിതകളും മറ്റു കവികളുടെ കവിതകളും അവതരിപ്പിക്കാം.) | ജൂൺ (വായനാവാരത്തിൽ) | വിദ്യാരംഗം കൺവീനർ, എസ്.ആർ.ജി, പി.ടി.എ | |
| 3 | സാഹിത്യരംഗം | സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുക, വിവിധ സാഹിത്യ ശാഖകളെ കുറിച്ച് മനസ്സിലാക്കുക. | **അഭിമുഖം**<br>പ്രമുഖ സാഹിത്യകാരന്മാരുടെ ദിനാചരണത്തോടനുബന്ധിച്ചുള്ള പരിപാടിയിലേക്ക് പ്രാദേശികവും അല്ലാത്തതുമായ സാഹിത്യകാരന്മാരുടെ അഭിമുഖ. | ജൂൺ മാർച്ച് | വിദ്യാരംഗ , പി.ടി.എ | 5000/- |
| 4 | പ്രസംഗിക്കം | പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **പ്രസംഗ പാഠശാല**<br>ലൈബ്രറിയുമായി സഹകരിച്ച് ലൈബ്രറി പിരീഡുകളിൽ സ്പീക്കറിൽ ചെറുതും വലുതുമായ പ്രസംഗങ്ങൾ കേൾപ്പിക്കുന്നു. വിഷയം കൊടുത്ത് പ്രസംഗിക്കുന്നു. തുടർന്ന് അസംബ്ലിയിൽ റോൾനമ്പർ അനുസരിച്ച് പ്രസംഗിക്കാനുള്ള അവസരം. | ജുലൈ, മാർച്ച് | | |
| 5 | ശിൽപ്പശാല | എഴുത്ത് വായന ചിത്രരചന സംഗീതം,അഭിനയം എന്നിവ പരിപോഷിക്കുന്നതിന് | **സർഗ്ഗശേഷി വികസന ക്യാമ്പുകൾ**<br>സാഹിത്യം നാടകം ചിത്രരചന സംഗീതം എന്നിവയിൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഓരോ മേഖലയിലുമുള്ള കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന്. | ര് മാസത്തിൽ ഒരിക്കൽ | എസ്.ആർ.ജി, പി.ടി.എ, സ്റ്റാഫ് | 15,000/- |

| | | | | | | |
|---|---|---|---|---|---|---|
| 6 | എന്റെ പുസ്തകം | സാഹിത്യാഭിരുചി വളർത്തുക | **കുട്ടിപ്പുസ്തകങ്ങളുടെ പ്രസിദ്ധീകരണം.**<br>കുട്ടികൾ സ്വന്തമായി എഴുതിയ സാഹിത്യ സൃഷ്ടികൾ സ്വരൂപിച്ച് പുസ്തകം തയ്യാറാക്കുന്നു. നവംബർ ഒന്നിന് പ്രകാശനം ചെയ്യുന്നു. | ആഗസ്ത് മുതൽ നവംബർ വരെ | ബി.ആർ.സി പി.ടി.എ, സ്റ്റാഫ് | 25000/ |
| 7 | പത്രം | വാർത്തകൾ തയ്യാറാക്കാനുള്ള പരിശീലനം | **വാർത്താ പത്രിക**<br>ആകാശവാണിയിൽ വായിക്കുന്ന പ്രധാനവാർത്തകളും കുട്ടികളുടെ സ്വന്തം സൃഷ്ടികളും ഉൾപ്പെടുത്തി രുമാസത്തിലൊരിക്കൽ ഒരു വാർത്താപത്രിക പ്രസിദ്ധീക്കരിക്കുന്നു.,അതിൽ ചിത്രം വരയ്ക്കുന്നത് കുട്ടികളായ ചിത്രകാരന്മാർ | | എസ്.ആർ.ജി ,വിദ്യാരംഗം ആകാശവാണി | 5000/- |
| 8 | നടനും നടിയും | കുട്ടികളുടെ അഭിനയ ശേഷി പ്രകടമാക്കാൻ | **ഷോർട്ട് ഫിലിം നിർമ്മാണം.**<br>സ്നേഹം,ദയ, സഹാനുഭൂതി എന്നിവ വിഷയമാക്കി കുട്ടികൾ അഭിനയിച്ച് പൂർണമായും കുട്ടികളുടെ പങ്കാളിത്തത്തോടെ 15 - 30 മിനുട്ട് ദൈർഘ്യമുള്ള ലഘു ചലച്ചിത്രങ്ങളുടെ നിർമ്മാണം. | ആഗസ്ത് സെപ്തംബർ ഒക്ടോബർ നവംബർ | എസ്.ആർ.ജി ,വിദ്യാരംഗം പി.ടി.എ | 15000/- |

## നല്ല മലയാളം

**മാതൃഭാഷ വായിക്കാനും എഴുതാനും അറിയില്ല എന്നത് വായിലൂടെ ഭക്ഷണം കഴിക്കാൻ കഴിയാത്ത അവസ്ഥ പോലെയാണ്. ഇത്തരം അവസ്ഥയിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് മലയാള മധുരം നുണയാനുള്ള അവസരമൊരുക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമായി കാണുന്നു.**

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കൽ (ഒരു കുടക്കീഴിൽ) | ഭാഷപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രിടെസ്റ്റ് (എൽ.പി, യൂ.പി, എച്ച്.എസ് ) അക്ഷരം, ചിഹ്നം ഉറപ്പിക്കൽ (എൽ.പി)<br>അക്ഷര കാർഡ്, വായനാ കാർഡ് (യു.പി)<br>വാക്കുകൾ എഴുതിയ കാർഡ്, വാക്കുകളുടെ നിർമ്മാണം (എൽ.പി)<br>ചിത്രം നോക്കി കഥപറയൽ, കഥയെഴുത്ത് (യു.പി)<br><br>വാക്യം നിർമ്മാണം , ചിത്രം അടികുറുപ്പ് തയ്യാറാക്കൽ, കഥ പൂരിപ്പിക്കൽ (എൽ.പി, യൂ.പി, എച്ച്.എസ്) വായനാ കുറിപ്പ് തയ്യാറാക്കൽ, പ്രത്യേക ക്ലാസുകൾ, പോസ്റ്റ് ടെസ്റ്റ് | ജൂൺ ആദ്യ വാരം<br><br>ജൂൺ,ജൂലൈ<br><br>ജൂൺ, ജൂലൈ | ബി.ആർ.സി, പി.ടി.എ, ഭാഷാധ്യാപകൻ | 10000/- |
| 2 | വായന വർദ്ധിപ്പിക്കൽ | കുട്ടികളെ നല്ല വായനക്കാരാക്കുക. | ക്ലാസ് ലൈബ്രറി ഒരുക്കുന്നു.<br>വായനകൂട്ടം, വായനാനുഭവം പങ്കുവെയ്ക്കൽ (എൽ.പി, യൂ.പി, എച്ച്.എസ്)<br>വായനാസാമഗ്രികൾ വികസിപ്പിക്കൽ, വായനാ കുറിപ്പ് തയ്യാറാക്കൽ<br>കതും കേട്ടതുമായ കാര്യങ്ങൾ നോട്ടുപുസ്തകത്തിൽ കുറിക്കൽ (എൽ.പി) | 1 വർഷം | ഭാഷാധ്യാപകൻ വിദ്യാരംഗം, മറ്റ്ക്ലബുകൾ, രക്ഷിതാക്കൾ | 10000/- |
| 3 | പ്രാദേശിക ഭാഷാ നിഘു | ഭാഷാ വൈവിങ്ങളെ കുറിച്ച് മനസ്സിലാക്കാൻ. | ക്ലാസ്തലത്തിൽ നാടൻ പ്രയോഗങ്ങളും അവയുടെ ശരിയായ രൂപങ്ങളും കത്തെി നിഘു തയ്യാറാക്കൽ (യൂ.പി, എച്ച്.എസ്) | 1 വർഷം | ഭാഷാധ്യാപകൻ വിദ്യാരംഗം, രക്ഷിതാക്കൾ | |
| 4 | ഗ്രന്ഥശാലാ ശാക്തീകരണം | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | പ്രാദേശിക ക്ലബ്ബുകളുടെയും ഗ്രന്ഥശാലാകളുടെയും സഹകരണത്തോടെയും ഭവന സന്ദർശനത്തിലൂടെയും ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കൽ, പുസ്തക പ്രദർശനം. പുസ്തകങ്ങൾ തരം തിരിച്ച് ക്രമീകരിക്കൽ. | വർഷത്തിൽ 2പ്രാവശ്യം | എച്ച്.എം. പി.ടി.എ ലൈബ്രറിയൻ | സ്പോൺസർഷിപ്പ് 30000/- |
| 5 | സർഗാത്മക ക്യാമ്പ് | കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വർദ്ധിപ്പിക്കുന്നു. | പ്രാദേശിക എഴുത്തുകാരുമായി അഭിമുഖം, സാഹിത്യനായകന്മാർ പങ്കെടുക്കുന്ന സെമിനാറുകൾ, കവിയരങ്ങ്, രചനാ ശിൽപശാല, മാഗസിൻ നിർമ്മാണം (യു.പി, എച്ച്.എസ്) | വർഷത്തിൽ 2 പ്രാവശ്യം | വിദ്യാരംഗം, സമീപ ക്ലബുകൾ പൂർവ്വ വിദ്യാർത്ഥികൾ | സ്പോൺസർഷിപ്പ് 5000/- |

| | | | | | | |
|---|---|---|---|---|---|---|
| 6 | നാടക ശിൽപ്പ ശാല | ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കഥകളുടെ, കവിതകളുടെ നാടകാവിഷ്കാരം, വിദഗ്ധരുടെ സഹായത്തോടെ നാടകപരിശീലന ക്യാമ്പ് (എൽ.പി,യൂ.പി,എച്ച്.എസ് | വർഷത്തിൽ 1 പ്രാവശ്യം | ആർട്ട്സ് ക്ലബ്ബ് എസ്. എസ്.ജി എസ്. ആർ.ജി | 10000/- |
| | | | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശിലനം അവതരണം (യൂ.പി, എച്ച്.എസ് ) | വർഷത്തിൽ 1 പ്രാവശ്യം | ഭാഷാധ്യാപകൻ, വിദ്യാരംഗം, ക്ലബ്ബുകൾ എസ്.എസ്.ജി | 5000/- |
| 7 | ആകാശവാണി | കുട്ടികളുടെ അവതരണ മികവ് കൈവരിക്കാൻ | ഒഴിവ് സമയങ്ങളെ ഉല്ലാസപ്രദമാക്കാൻ - പത്രവാർത്തകൾ, കവിത, പാട്ടുകൾ എന്നിവ സ്കൂൾ ആകാശവാണിയിലൂടെ അവതരിപ്പിക്കൽ. | എല്ലാ ദിവസവും ഒഴിവ് സമയങ്ങളിൽ | എസ്.ആർ.ജി | 25000/ സ്പോൺസർഷിപ്പ് |
| 8 | നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തൽ | രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | വാട്സ് ആപ്പ് കൂട്ടായ്മ (രക്ഷിതാക്കളും അധ്യാപകരും) മികച്ച സൃഷ്ടികൾ ബ്ലോഗിൽ ചേർക്കൽ, പാഠഭാഗങ്ങളിലെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തിക്കൊള്ള സ്ലൈഡ് നിർമ്മാണം | പ്രതിമാസം | സ്കൂൾ ഐ.ടി.ക്ലബ്ബ് കുട്ടിക്കൂട്ടം | 5000/- |
| 9 | ദിനാചരണങ്ങൾ | വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, പ്ലക്കാർഡുകൾ, ആൽബങ്ങൾ തയ്യാറാക്കൽ പ്രസംഗം, ഉപന്യാസ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | ഭാഷാധ്യാപകൻ, വിദ്യാരംഗം, എസ്.എസ്.ജി | 1000/- |
| 10 | കലാസ്വാദനം | കേരളീയ കലാരൂപങ്ങൾ പരിചയപ്പെടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ ആസ്വദിക്കൽ, കലാകാരന്മാരെ സ്കൂളിലേക്ക് ക്ഷണിച്ച് കലാരൂപങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ 2ദിവസം | പി.ടി.എ എസ്.ആർ.ജി | 10000/- |

# ഗണിതം മധുരം

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | ഗണിത ലാബ്, ഗണിത ലൈബ്രറി | ഗണിതപഠനം ലഘൂകരിക്കാൻ, ഗണിതത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ, ശാസ്ത്രീയമായ ഗണിത പഠനം ഉറപ്പുവരുത്താൻ. | എൽ.പി, യു.പി, എച്ച്.എസ് എന്നിങ്ങനെ ഗണിത ലാബിനെ മൂന്ന് തലങ്ങളായിതിരിച്ച് പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉല്പന്നങ്ങൾ പ്രദർശിപ്പിക്കൽ, ഗണിത ശാസ്ത്രകാരന്മാരുടെ ഫോട്ടോ അവരുടെ സംഭാവനകൾ തുടങ്ങിയവ പ്രദർശിപ്പിക്കുക. ഫീൽഡിൽ ചെയ്യുന്ന പ്രവർത്തനങ്ങളുടെ 2-ഡി, 3-ഡി സ്കെച്ച് രേഖപ്പെടുത്തി വയ്ക്കുക.(ചാർട്ടുകൾ,മോഡലുകൾ) ലാബിന്റെ ഒരു ഭാഗം ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്താൻ. ടാൻഗ്രാം പ്രദർശനം, ഗണിതശാസ്ത്രപുസ്തകങ്ങളുടെ പ്രദർശനം ഒരുക്കൽ. വർക്കിംഗ് ടേബിൾ സൗകര്യം ലഭ്യമാക്കൽ. | രാേ മൂന്നോ വർഷം കൊ് മെച്ചപ്പെട്ട ഗണിത ലാബ്.. | പി.ടി.എ, ജില്ലാപഞ്ചായത്ത്, ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് കോഡിനേറ്റർ, എസ.ആർ.ജി | 200000/- (സ്പോൺസർമാർ, പി.ടി.എ, ജില്ലാ പഞ്ചാത്ത് |
| 2 | കണക്കറിവ് | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ. ഗണിത പഠനം ലഘൂകരിക്കൽ, ഗണിത പ്രതിഭകളെ വാർത്തെടുക്കൽ | പിയർ ഗ്രൂപ്പ് ടീച്ചിംഗ് പ്രോത്സാഹിപ്പിക്കൽ, ഗണിത ക്വിസ് മത്സരം പ്രതിമാസം സംഘടിപ്പിക്കൽ ഗണിത ബുള്ളറ്റിൻ പ്രവർത്തനം ഊർജിതാക്കൽ, ഗണിത കേളികൾ നടത്തൽ, ഗണിത ശിൽപശാല നടത്തൽ, ഗണിത നാടകം നടത്തൽ, ഗണിത രൂപങ്ങളുടെ നിർ മ്മാണം, മാഗസീൻ നിർമ്മാണം, ഗണിത അസംബ്ലി നടത്തൽ, ദിനാചരണങ്ങൾ , ഗണിത സംവാദം, കുസാറ്റ് സന്ദർശനം, പി,എസ്.സി, യു.പി.എസ്.സി, ടാലന്റ് സർച്ച്, മാത്സ് ഒളിംപ്യാർഡ് തുടങ്ങിയ മത്സരപരീക്ഷകളിൽ വരാവുന്ന ഗണിത ചോദ്യങ്ങളെ പരിചയപ്പെടുത്തുന്നതിനുള്ള വേദി ഒരുക്കൽ. പ്രഗത്ഭരായ ഗണിത അധ്യാപകരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ. ടാൻഗ്രാം നിർമ്മാണം. | ഒരു വർഷം | ഗണിതാധ്യാപകർ, എസ്.ആർ.ജി, പി.ടി.എ,ജില്ലാപഞ്ചായത്ത്, ബി.ആർ.സി, പ്രദേശത്തെ ക്ലബ്ബുകളുടെ സേവനം. | 50000 (പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയ കാംക്ഷികൾ, പ്രദേശത്തെ പൗര പ്രമുഖർ) |

| | | | | | | |
|---|---|---|---|---|---|---|
| 3 | കവ്ളി | നാട്ടുഗണിതം പരിചയപ്പെടുത്തൽ. നിത്യജീവിതത്തിലെ വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ട അളവുകൾ (ആശാരി, കൽപ്പണിക്കാർ, മരം അളക്കൽ, നോട്ടിക്കൽ മൈൽ) | വില്ലേജ് ഓഫീസ് സന്ദർശനം, ബാങ്ക് സന്ദർശനം, ഗണിത രൂപങ്ങൾ പരിചയപ്പെടാൻ ഗണിത ഉദ്യാനം തയ്യാറാക്കൽ, പച്ചക്കറിതോട്ടം ഗണിതാകൃതിയിൽ ഒരുക്കൽ, പോളിടെക്ക്നിക്ക്, എൻജിനിയറിംഗ് കോളേജ്, ഐ.ടി.ഐ എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ച് ഗണിതത്തിന്റെ പ്രയോഗികത പരിചയപ്പെടുത്തൽ, ഗണിത മ്യൂസിയം തയ്യാറാക്കൽ, ഗണിത മാഗസിനുകൾ, പതിപ്പുകൾ എന്നിവ നിർമ്മിക്കൽ. ഗണിത നിഘു തയ്യാറാക്കൽ, അന്യം നിന്നുപോയ ഗണിത പദങ്ങൾ അളവുകൾ എന്നിവ പരിചയപ്പെൽ, പ്രകൃതി ഗണിതം പരിചയപ്പെടുത്തൽ (ഇലകൾ, പൂക്കളിലെ ഇതളുകളുടെ ക്രമീകരണം) | 1,2 വർഷം | ഗണിതാധ്യാപകർ, എസ്.ആർ.ജി, പി.ടി.എ, | 100000/- (കുട്ടികളിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ സഹായം) |

## സ്കൂൾ ലൈബ്രറി

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | സ്കൂൾ ലൈബ്രറി ശാക്തീകരണം | കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കുക. | രക്ഷിതാക്കൾ, കുട്ടികൾ,അധ്യാപകർ, ക്ലബ്ബുകൾ, പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടകൾ എന്നിവയുടെ സഹകരണത്തോടെ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ - മാർച്ച് | ലൈബ്രേറിയൻ, പി.ടി.എ | 100000/- സ്പോൺസർഷിപ്പ |
| 2 | ക്ലാസ് ലൈബ്രറി സജ്ജീകരണം | കുട്ടികൾക്ക് വായിക്കാനാവശ്യമായ പുസ്തകങ്ങൾ ക്ലാസിൽ തന്നെ ലഭ്യമാക്കുക. | രക്ഷിതാക്കളുടെയും പി.ടി.എയുടെയും സഹകരണത്തോടെ ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു. അങ്ങനെ കുട്ടികൾക്ക് ക്ലാസിൽ പുസ്തകം ലഭ്യമാക്കുന്നു. | 6 മാസം | ലൈബ്രേറിയൻ, പി.ടി.എ, ക്ലാസധ്യാപകൻ | ഒരു ക്ലാസിൽ 5000 രൂപ വീതം. |
| 3 | പിറന്നാൾ പുസ്തകം | കുട്ടികളിൽ വായനാശീലം വളർത്തുക. | ഓരോ കുട്ടിയും തന്റെ പിറന്നാളിന് ഒരു പുസ്തകമെങ്കിലും ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ്ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| 4 | കുടുംബത്തിൽ നിന്നൊരു പുസ്തകം | സ്കൂൾ ലൈബ്രറി സമ്പന്നാക്കുക. | കുടുംബാംഗങ്ങളുടെ വിശേഷ അവസരങ്ങൾ, ജനനം, വിവാഹ വാർഷികം, സ്മരണകൾ എന്നിവയുമായി ബന്ധപ്പെട്ട് ഒരു പുസ്തകം സ്കൂൾ ലൈബ്രറിയിലേക്ക് നൽകുന്നു. | ജൂൺ - മാർച്ച് | ലൈബ്രേറിയൻ, ക്ലാസ് ടീച്ചർ | |
| 5 | നല്ല വായനയ്ക്ക് സമ്മാനം | വായനയിലൂടെ പുസ്തകാസ്വാദനം ഹൃദ്യമാക്കുക. | വായിച്ച പുസ്കത്തെ പറ്റി എഴുതുന്ന വായനാക്കുറിപ്പിന് മികച്ച സമ്മാനം നൽകുന്നു. | ജൂൺ - മാർച്ച് | ലൈബ്രേറിയൻ | 1000/- സ്പോൺസർഷിപ്പ |
| 6 | വായനയിലേക്ക് ഒരു താക്കോൽ | കുട്ടികളെ വായനയിലേക്ക് ആകർഷിക്കുക. | അസംബ്ലി, സ്കൂൾ സൗ സിസ്റ്റം ഇവയിലൂടെ പുതിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | വിദ്യാരംഗം കൺവീനർ | |

## സംസ്കൃതം

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | വായന | എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ പഠിച്ച് അവ കൂട്ടി വായിച്ച് വാക്യങ്ങൾ വായിക്കാൻ സാധിക്കണം. | സംസ്കൃത ലൈബ്രറി രൂപീകരണം. ചെറു കഥകൾ, സുഭാഷിതങ്ങൾ, ലഘു ഉപന്യാസങ്ങൾ, മാസികകൾ പ്രശ്നോത്തരി പുസ്തകങ്ങൾ, കലകളെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ | ജൂൺ - മാർച്ച് | സംസ്കൃതം അധ്യാപിക എസ്.ആർ.ജി | 2000/ |
| 2 | പദപരിചയം | പുതിയ പദങ്ങൾ പരിചയപ്പെടുന്നു. പദങ്ങൾ കൂട്ടി ചേർത്ത് വാക്യങ്ങൾ നിർമ്മിക്കുന്നു. അക്ഷര തെറ്റ് കൂടാതെയുള്ള രചന. | നിഘു നിർമ്മാണം.(പാഠഭാഗത്തെ പദങ്ങൾ ഉപയോഗിച്ച്) രചനാ മാസിക.(കുട്ടികളുടെ രചനകൾ ക്രോഡീകരിച്ച് ലഘു മാസിക) പ്ലക്കാർഡ് നിർമ്മാണം. പത്രം നിർമ്മാണം | ജുലൈ- ആഗസ്ത് | സംസ്കൃതം അധ്യാപിക എസ്.ആർ.ജി, പി.ടി.എ | 500/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | ആസ്വാദനം | കുട്ടികളിലുള്ള വിവിധ കഴിവുകൾ കണ്ടെത്തൽ. ആസ്വദിക്കാനും പാടാനും പറയാനുമുള്ള താൽപര്യം ജനിപ്പിക്കൽ. | സുഭാഷിതങ്ങൾ കേൾപ്പിക്കുന്നു.<br>കഥകളും പാട്ടുകളും പഠിച്ച് കുട്ടികൾ ക്ലാസിൽ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | സംസ്കൃതം അധ്യാപിക | |
| 4 | അസംബ്ലി | കുട്ടികളിൽ സമൂഹത്തെ അഭിമുഖീകരിക്കാനുള്ള കഴിവ് വളർത്തുന്നു. മറ്റു കുട്ടികൾക്കും മനസ്സിലാക്കാനും പഠിക്കാനുമുള്ള സാഹചര്യം | വിദ്യാലയത്തിൽ അസംബ്ലി സംസ്കൃതത്തിൽ അവതരിപ്പിക്കൽ. പ്രാർത്ഥന, പ്രതിജ്ഞ, അവതരിപ്പിക്കേ വിഷയങ്ങൾ സംസ്കൃതത്തിൽ തന്നെ പറയുന്നു. | ജുലൈ- ഫെബ്രുവരി | ടീച്ചർ | |
| 5 | ദിനാചരണങ്ങൾ | വിശേഷദിനങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം. പ്രദർനം | അതത് ദിനാചരണത്തിന്റെ പ്രത്യേകതകൾ വച്ച് കൊ് പോസ്റ്റർ നിർമ്മിക്കുന്നു. | ജൂൺ - മാർച്ച് | ടീച്ചർ, എസ്.ആർ.ജി | 500/- |
| 6 | സംസ്കൃതോത്സവം | മേളകളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കൽ | - കുട്ടികളുടെ കഴിവിനനുസരിച്ച് അവസരങ്ങൾ നൽകുക. - ചെറുകഥകൾ, കവിതകൾ, അവതരണ കലകൾ ഇവ ഉൾപ്പെടുത്തിയുള്ള മേള. | ഒക്ടോബർ - ജനുവരി | സംസ്കൃതം ടീച്ചർ കലോത്സവം കൺവീനർ | 1000/- |
| 7 | ഐ.ടി സാധ്യത | സംസ്കൃതം കംപ്യൂട്ടിംഗ് | സംസ്കൃതം ടൈപ്പിംഗ് പരിചയപ്പെടുത്തൽ | ജുലൈ- മാർച്ച് | സംസ്കൃതം ടീച്ചർ ഐ.ടി.ക്ലബ്ബ് | 500 |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കൽ | ഉപജില്ല,ജില്ല,സംസ്ഥാന മത്സരങ്ങൾക്ക് കൂടുതൽ പങ്കാളിത്തം മെഡൽ | രാവിലേയും വൈകുന്നേരവും ശാസ്ത്രീയവും ചിട്ടയുമായ പരിശീലനം. (തിരഞ്ഞടുക്കപ്പെടുന്ന കുട്ടികൾക്ക്) | ജൂലൈ മുതൽ ഒക്ടോബർ വരെ | കായികാധ്യാപകൻ | 5000/- |
| 2 | പരശീലനം നേടുന്ന കുട്ടികൾക്കുള്ള ലഘു ഭക്ഷണം, സ്പോർട്സ് കിറ്റ് | കായികമേളകളിലെ മികച്ച പ്രകടനം | രാവിലേയും വൈകുന്നേരവും ശാസ്ത്രീയവും ചിട്ടയുമായ പരിശീലനം. (തെരഞ്ഞടുക്കപ്പെടുന്ന കുട്ടികൾക്ക്) | ജൂലൈ മുതൽ ഒക്ടോബർ വരെ | പി.ടി.എ | 25000/- |
| 3 | യോഗ പരിശിലനം | ഏകാഗ്രത വർദ്ധിപ്പിക്കുന്നതിലൂടെ പഠനനിലവാരം മെച്ചപ്പെടുത്തൽ | രാവിലെ 30 മിനുട്ട് യോഗ പരിശീലനം (സൂര്യനമസ്കാരം, പ്രാണായാമം, ആസനങ്ങൾ) | ഒരു അധ്യായന വർഷം | കായികാധ്യാപകൻ | 1000/- |
| 4 | ഗെയിംസ് പരിശീലനം | മികച്ച ടീമുകളെ തയ്യാറാക്കൽ | കബഡി, ഫുട്ബോൾ, ഖോ-ഖോ, വോളീബോൾ എന്നീ ഗെയിമുകളുടെ പരിശീലനം. പി.ടി പിരീഡുകൾ, രാവിലെയും,വൈകുന്നേരവും കൃത്യമായി സമയം വിനിയോഗിച്ചുകൊ് കുട്ടികളെ തയ്യാറാക്കൽ. | ഒരു അധ്യായന വർഷം | കായികാധ്യാപകൻ | 1000/- |
| 5 | ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗെയ്മുകൾ നടത്തുക. | കായികക്ഷമതയുള്ള കുട്ടികളെ കത്തെൽ | കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഗെയിംസ് മത്സരങ്ങൾ നടത്തി മികച്ച വിദ്യാർത്ഥികളെ കത്തെൽ. | ജൂലൈ - ആഗസ്ത് | കായികാധ്യാപകൻ, മറ്റധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 6 | പെൺകുട്ടികൾക്ക് കൂടുതൽ ഗെയിമുകൾ | കായിക പരമായി പെൺകുട്ടികളെ മുന്നിലേക്കെത്തിക്കൽ | പെൺകുട്ടികളെ കായിക പരമായി മുഖ്യധാരയിലെത്തിക്കുക, കൂടുതൽ പെൺകുട്ടികളെ ഉപജില്ല,ജില്ല,സംസ്ഥാന മത്സരങ്ങൾക്ക് തയ്യാറാക്കൽ. (രാവിലെയും ,വൈകുന്നേരവും  പരിശീലനം. | ജൂലൈ - ഡിസംബർ | കായികാധ്യാപകൻ, മറ്റധ്യാപകർ | 1000/- |
| 7 | കായിക താരങ്ങൾക്ക് അനുമോദനം | കൂടുതൽ പങ്കാളിത്തം വരും വർഷങ്ങളിൽ കൈവരിക്കാൻ മെഡൽ നേടിയവരെ അനുമോദിക്കൽ | ഉപജില്ല,ജില്ല,സംസ്ഥാന മത്സരങ്ങളിൽ വിജയിക്കുന്ന കായികതാരങ്ങളെ ക്യാഷ് അവാർഡ്/മൊമെന്റോ നൽകി ആദരിക്കൽ | ഫെബ്രവരി - മാർച്ച് | പി.ടി.എ, പൂർവ്വ് വിദ്യാർത്ഥികൾ | 5000/- |

# സ്വീറ്റ് ഇംഗ്ലീഷ്

| ക്രമ നം | **പദ്ധതി** | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | ക്ലബ്ബ് ഫോർമേഷൻ | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | * ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരിക്കുന്നു. മാസത്തിലെ എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ച്ചകളിലും ക്ലബ്ബ് അംഗങ്ങൾ ഒത്തുചേർന്ന് അവരുടെ അനുഭവങ്ങൾ (പാഠഭാഗവുമായി ബന്ധപ്പെട്ട്) പങ്കുവെയ്ക്കുന്നു. | ജൂൺ - ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | 2000/ സ്പോൺസർഷിപ്പ് |
| 2 | തോട്ട് ഫോർ ദ ഡേ | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | എല്ലാ ദിവസവും ഇംഗ്ലീഷ് പിരീഡിന്റെ തുടക്കത്തിൽ 3 മിനുട്ട് നീുനിൽക്കുന്ന തോട്ട് ഫോർ ദ  ഡേ ഒരോ കുട്ടിയും അവതരിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 3 | സ്റ്റോറി ടൈം | *ഇംഗ്ലീഷിൽ ആശയവിനിമയത്തിനുള്ള ശേഷി നേടൽ. കഥകൾ പരിചയപ്പെടൽ. വ്യത്യസ്തമായ പഠനതന്ത്രങ്ങൾ കത്തെൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട കഥഭാഗങ്ങൾ കത്തെി ക്ലാസിൽ അവതരിപ്പിക്കുന്നു.<br>അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ പാവകളി, കഥാപ്രസംഗം മുതലായവ കത്തെൽ | ജൂൺ - ജുലൈ | ഇംഗ്ലീഷ് അധ്യാപകർ | 2000/- |
| 4 | പബ്ലിക്ക് സ്പീക്കിംഗ് | *ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ. ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കൽ | ഓഡിയോ - വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീകിംഗ് അനുഭവങ്ങൾ നൽകൽ. വിശേഷ ദിനങ്ങളുമായി ബന്ധപ്പെട്ട് തിരഞ്ഞെടുത്ത കുട്ടികൾ അസംബ്ലിയിൽ പ്രസംഗങ്ങൾ അവതരിപ്പിക്കുന്നു. | ആഗസ്ത - സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | 2000/ പി.ടി.എ |
| 5 | ഡ്രാമ & കൊറിയോഗ്രാഫി | ഇംഗ്ലീഷ് ഭാഷയെ സർഗാത്മകപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ. സ്ക്രിപ്റ്റ് റൈറ്റിംഗ് | പാഠഭഗത്തെ നാടകീകരണ സന്ദർഭങ്ങൾ കത്തെുക അവയെ ആസ്പദമാക്കി നാടകങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുക. തെരഞ്ഞെടുത്ത കവിതകൾ.,കവിതാശകലങ്ങൾ കൊറിയോഗ്രാഫി ചെയ്ത് ക്ലാസുകളിൽ അവതരിപ്പിക്കുക. | സെപ്തംബർ - ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | 2500/- |
| 6 | ന്യൂസ് റീഡിംഗ് | പുതിയ വാക്കുകൾ കത്തെൽ, ഒഴുക്കോടെയുള്ള വായന | ആഴ്ച്ചയിൽ 2 ദിവസം വീതം ഇംഗ്ലീഷ് പത്രം അസംബ്ലിയിൽ വായിക്കൽ | ജൂൺ - ജനുവരി | ഇംഗ്ലീഷ് അധ്യാപകർ - പി.ടി.എ | 3000/- |
| 7 | സ്പീക്ക് ഫോർ അസ് | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടിയെ എത്തിക്കൽ. | ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ തെരഞ്ഞെടുത്ത് അവയെക്കുറിച്ച് പ്രസംഗങ്ങൾ തയ്യാറാക്കുന്നു. ഇംഗ്ലീഷ് ക്ലബ്ബിൽ അവതരിപ്പിക്കുന്നു. | ജുലൈ - ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 8 | എ വേർഡ് എ ഡേ | പുതിയ വാക്കുകൾ കത്തെുന്നതിന് അർത്ഥം മനസ്സിലാക്കുന്നതിനും വാക്യത്തിൽ പ്രയോഗിക്കുന്നതിനും. | ഓരോ ദിവസും ഓരോ വാക്കുകൾ കത്തെി അതിന്റെ അർത്ഥവും സ്പെല്ലിംഗും ആ വാക്ക് ഉപയോഗിച്ചുള്ള വാക്യങ്ങളും അവതരിപ്പിക്കുന്നു. എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു. | ജൂലൈ- ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| 9 | ഇംഗ്ലീഷ് അസംബ്ലി | കുട്ടികളിലെ ഭാഷാശേഷി വികസിപ്പിക്കുന്നതിന് | ആഴ്ച്ചയിൽ 1 ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. അതിൽ സ്പീച്ച്, സ്കിറ്റ്, റെസിറ്റേഷൻ, ന്യൂസ് റീഡിംഗ് എന്നിവ ഉൾപ്പെടുത്തുന്നു. ഓരോ ആഴ്ച്ചയിലും ഓരോ ക്ലാസിന് അസംബ്ലിയുടെ ചാർജ് വീതിച്ചു നൽകുന്നു. | ജൂൺ- ഫെബ്രുവരി | അധ്യാപകർ | സ്പോൺസർഷിപ്പ് - പി.ടി.എ |
| 10 | വേർഡ് ഗെയിം | വൊക്കാബുലറി വർദ്ധിപ്പിക്കുന്നതിന്, സ്പെല്ലിംഗ് എറർ കുറക്കുന്നതിന് | ക്രമം തെറ്റി അക്ഷരങ്ങൾ നൽകി അതിൽ നിന്ന് വാക്കുകൾ രൂപീകരിക്കുന്ന ഗെയിംസ് സംഘടിപ്പിക്കുന്നു. | ഒക്ടോബർ - നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 11 | ഇംഗ്ലീഷ് ലൈബ്രറി | കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്. ഇംഗ്ലീഷ് സാഹിത്യത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിന്. | ഇംഗ്ലീഷ് പുസ്തകങ്ങൾ ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു. | ര് വർഷം | പി.ടി.എ. , എസ്.ആർ.ജി | 5000/- സ്പോൺസർഷിപ്പ് - പി.ടി.എ |
| 12 | റേറ്റിംഗ് ഇംഗ്ലീഷ് | സർഗാത്മക രചനകളിലേർപ്പെടാൻ അവസരങ്ങൾ. | കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുന്നതിനായി ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ രചനാ മത്സരങ്ങൾ നടത്തുന്നു. | ആഗസ്ത്- ഡിസംബർ | മുഴുവൻ അധ്യാപകരും | 2500/- |

| | | | | | | |
|---|---|---|---|---|---|---|
| 13 | ഇംഗ്ലീഷ് മാഗസിൻ, ഡിക്ഷ്ണറി മേക്കിംഗ്, ഡ്രാമാ ക്യാമ്പ്, ഫിലിം ഫെസ്റ്റിവൽ | ഭാഷാപരമായ ശേഷികളുടെ സമഗ്ര വികസനം. | അവധി ദിനങ്ങളിലും ഇടവേളകളിലും ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൻ മുഴുവൻ കുട്ടികളുടേയും പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ഒരു വർഷം | മുഴുവൻ അധ്യാപകരും, പി.ടി,എ, റിസോർസ് പേഴ്സൺസ് | 25000/- സ്പോൺസർഷിപ്പ് |
| 14 | എ ടോക്ക് വിത്ത് ഫോറിനേഴ്സ് | ഇംഗ്ലീഷ് ആശയവിനിമയ ശേഷി നേടൽ. നേറ്റീവ് ഇംഗ്ലീഷ് പരിചയപ്പെടൽ | ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഭ്യമായ വിനോദസഞ്ചാരികളെ സ്കൂളിലേക്ക് ക്ഷണിച്ച് അവരുമായി അഭിമുഖം നടത്താനുള്ള അവസരമൊരുക്കൽ. | ഡിസംബർ - ഫെബ്രുവരി | പി.ടി.എ. , എസ്.ആർ.ജി | 10000/- സ്പോൺസർഷിപ്പ് |

## ഹിന്ദി

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | ലിഖ്നാ പഢ്നാ ആസാൻ | അക്ഷരതെറ്റ് കൂടാതെ എഴുതാനും വായിക്കാനുമുള്ള ശേഷി കൈവരിക്കുന്നതിന് | *അക്ഷര കാർഡുകൾ.<br>*പദചിത്ര കാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു.<br>*പദകാർഡുകളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിക്കുന്നു.<br>*ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിച്ച് വായിക്കാം (5 മുതൽ 8 വരെ ക്ലാസുകളിൽ) | ജൂൺ, ജുലൈ ആഗസ്ത് | ഹിന്ദി അധ്യാപകൻ | 1000/- |
| 2 | സുരിലി ഹിന്ദി | പ്രവർത്തനങ്ങളിലൂടെ ഹിന്ദി ഭാഷാശേഷി പരിപോഷിപ്പിക്കുന്നതിന് | *കൂട്ടുകാരോടും അധ്യാപകരോടും ഹിന്ദിയിൽ സംസാരിക്കാം.<br>*ഹിന്ദിയിൽ പലതരം കളികൾ കളിപ്പിക്കാം.<br>*ഓരോ ക്ലാസിനും അഴ്ച്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി. (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | ആഴ്ച്ചയിൽ ഒരു ദിവസം | ഹിന്ദി അധ്യാപകൻ | 5000/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഹിന്ദി ഡയറി | തെറ്റില്ലാതെ അനായാസം ഹിന്ദി എഴുതാനുള്ള ശേഷി നേടൽ. | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന കാര്യങ്ങളുടെ ചുരുക്കം ഹിന്ദിയിൽ എഴുതുക. (5 മുതൽ 10 വരെ കാസുകൾക്ക്) | എല്ലാ ദിവസവും | ഹിന്ദി അധ്യാപകൻ | |
| 4 | ദിനാചരണ പങ്കാളിത്തം | ദിനാചരണങ്ങളിൽ ഹിന്ദി ഭാഷയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | *പോസ്റ്റർ നിർമ്മാണം.<br>*പ്ലക്കാർഡ് നിർമ്മാണം.<br>*ചുമർപത്രിക നിർമ്മാണം.<br>*കൊളാഷ് നിർമ്മാണം.<br>*രചനാ മത്സരങ്ങൾ (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | അധ്യയന വർഷം | ഹിന്ദി ക്ലബ്ബ് | 10,000/- |
| 5 | ഹിന്ദി ഹസ്ത ലിഖിത് പത്രിക | ഹിന്ദിയിൽ സർഗാത്മക രചനകൾ നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ചെറുകഥകൾ, കവിതകൾ, കടംകഥകൾ, ശൈലികൾ, പദപ്രശ്നം എന്നിവ സ്വയം നിർമ്മിച്ച് പുസ്തക രൂപത്തിൽ പ്രദർശിപ്പിക്കൽ. (7 മുതൽ 10 വരെ ക്ലാസുകൾക്ക്) | വർഷത്തിൽ ഒരിക്കൽ | ഹിന്ദി ക്ലബ്ബ് | 15000/- |
| 6 | ഹിന്ദി ഡിജിറ്റലൈസേഷൻ | രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ. | കുട്ടികളുടെ ഹിന്ദി ഭാഷയിലുള്ള മികച്ച രചനകൾ സ്കൂൾ ബ്ലോഗിലും സ്കൂൾ വിക്കിയിലും ചേർക്കൽ. (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | പ്രതിമാസ പരിപാടി | കുട്ടികൂട്ടം അംഗങ്ങൾ | 500/- |
| 7 | ഹിന്ദി അനുവാദ് | വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | സ്കൂൾ ലൈബ്രറിയിൽ ലഭ്യമായ ലളിതമായ മലയാള കഥകളും കവിതകളും ആശയം ചോർന്ന് പോകാതെ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ. (8 മുതൽ 10 വരെ ക്ലാസുകൾക്ക്) | വർഷത്തിൽ ഒരിക്കൽ | ഹിന്ദി ക്ലബ്ബ് | 10000/- |
| 8 | ഹിന്ദി മഞ്ച് | ഹിന്ദി ഭാഷയെ സർഗാത്മകപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ | ഹിന്ദി പാഠപുസ്തകത്തിലെ പാഠഭാഗങ്ങളെ നാടകം, സ്കിറ്റ് തുടങ്ങിയ വ്യാവഹാര രൂപങ്ങളിൽ ക്ലാസ് തലത്തിൽ അവതരിപ്പിക്കൽ. (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | പ്രതിമാസ പരിപാടി | ഹിന്ദി അധ്യാപകൻ | 500/- |

| | | | | | | |
|---|---|---|---|---|---|---|
| 9 | ഏക് ദിൻ ഏക് ശബ്ദ് | ഹിന്ദി ഭാഷയിൽ പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് | സ്കൂളിൽ സ്ഥാപിച്ച ബുള്ളറ്റിൻ ബോർഡിൽ ഒരു ദിവസം ഒരു ഡിവിഷനിലെ കുട്ടികൾ എന്ന നിലയിൽ ഹിന്ദിയിൽ ഒരു വാക്കും അതിന്റെ അർഥവും രേഖപ്പെടുത്തുന്നു. (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | എല്ലാ ദിവസവും | ക്ലാസ് ലീഡർ | |
| 10 | മൾട്ടീമീഡിയ പ്രസന്റേഷൻ | ഹിന്ദി പാഠഭാഗങ്ങളെ കംപ്യൂട്ടർവൽക്കരിക്കൽ | ഹിന്ദി പാഠപുസ്തകത്തിലെ മുഴുവൻ പാഠഭാഗങ്ങളെയും സ്ലൈഡ് രൂപത്തിൽ അവതരിപ്പിക്കൽ (8 മുതൽ 10 വരെ ക്ലാസുകൾക്ക്). | പ്രതിമാസ പരിപാടി | കുട്ടികൂട്ടം അംഗങ്ങൾ | 500/- |
| 11 | പ്രധാന വാർത്തകൾ | അവതരണ മികവ് കൈവരിക്കൽ. | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന സൗ സിസ്റ്റം ഉപയോഗിച്ച് ഓരോ ദിവസത്തേയും പ്രധാന വാർത്തകൾ ഹിന്ദിയിൽ എല്ലാ ക്ലാസിലും സ്ഥാപിച്ച സ്പീക്കറുകളിലേക്ക് ഒഴിവ് സമയത്ത് പ്രക്ഷേപണം ചെയ്യാൻ. (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | എല്ലാ ദിവസവും ഒഴിവ് സമയങ്ങളിൽ | ഹിന്ദി അധ്യാപകൻ | |
| 12 | ഹിന്ദി പ്രശ്നോത്തരി | ഹിന്ദി ഭാഷയിലൂടെ പൊതു വിജ്ഞാനം | കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ ഹിന്ദി ഭാഷയിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു. (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | മൂന്ന് മാസത്തിൽ ഒരിക്കൽ | ഹിന്ദി അധ്യാപകൻ | 3000/- |
| 13 | പഠന യാത്ര | ഹിന്ദി കേൾക്കാനും പറയാനുമുള്ള അവസരം | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലൂടെയുള്ള പഠനയാത്ര. (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | വർഷത്തിൽ ഒരിക്കൽ | ഹിന്ദി അധ്യാപകൻ, എച്ച്.എം, പി.ടി.എ | ചെലവ് കുട്ടികൾ |
| 14 | ആജ് കാ സവാൽ | തെറ്റില്ലാതെ ഹിന്ദിയിൽ വാക്യങ്ങൾ മനസ്സിലാക്കുന്നതിന്. | ഒരു ദിവസം ഒരു ചോദ്യം ഹിന്ദി ബുള്ളറ്റിൻ ബോർഡിൽ പ്രദർശി പ്പിക്കുന്നു. ഉത്തരങ്ങൾ പൂർണ്ണ വാക്യത്തിൽ എഴുതി പ്രത്യേകം സമ്മാനപെട്ടിയിൽ നിക്ഷേപിക്കുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു. (5 മുതൽ 10 വരെ ക്ലാസുകൾക്ക്) | മാസത്തിൽ ഒരിക്കൽ | ഹിന്ദി അധ്യാപകൻ | 500/- |
| | | | | | | |

# ഹരിത സേന

| ക്രമ നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | കർഷകക്കൂട്ടം | കൃഷി ഒരു സംസ്കാരം | ഹരിതസേനാംഗങ്ങൾക്ക് പ്രത്യേക യൂണിഫോം, കുട്ടികൾക്ക് ക്ലാസ് അടിസ്ഥാനത്തിൽ ചുമതലാവിതരണം | 2മാസം | ക്ലാസ് ടീച്ചർ, സ്റ്റുഡന്റ് കോ- ഓഡിനേർ, പി.ടി.എ | പഞ്ചായത്ത്, പി.ടി.എ |
| 2 | സ്കൂൾ തല ജൈവ രജിസ്റ്റർ | സസ്യങ്ങളുടെ ശാസ്ത്രീയ നാമങ്ങളും ഉപയോഗവും പരിചയപ്പെടുന്നു. | സ്കൂളിലെ എല്ലാ ഔഷധ സസ്യങ്ങളെയും നാമകരണം ചെയ്ത് അവയുടെ ഔഷധ ഗുണങ്ങളും, ഭാഗങ്ങളും രേഖപ്പെടുത്തുക. | വർഷം മുഴുവൻ | കോ-ഓഡിനേറ്റർ | സ്കൂൾ, പി.ടി.എ |
| 3 | കൃഷി പരിചയം | ജൈവ കർഷകരെ ആദരിക്കൽ | പ്രദേശത്തെ നല്ല കർഷകരെ ആദരിക്കൽ അവരുടെ കൃഷിരീതി പരിചയപ്പെടൽ കൃഷി ശാസ്ത്രജ്ഞരെ പരിചയപ്പെടൽ, കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ സന്ദർശനം. | 1 വർഷം | എസ്.ആർ.ജി, പി.ടി.എ, കോ-ഓഡീനേറ്റർ | സ്കൂൾ, പഞ്ചായത്ത് |
| 4 | ഔഷധ ലോകത്തെ നാട്ടറിവുകൾ | സ്കൂളിൽ പരിസ്ഥിതി സ്നേഹം വളർത്തുക. നമ്മുടെ ഔഷധങ്ങളെ തിരിച്ചറിയുക, അവ നട്ടുവളർത്തുക. സ്കൂൾവളപ്പിലും വീട്ടു വളപ്പിലും ഔഷധ സസ്യങ്ങൾ നട്ടുവളർത്തുക. ഔഷധ സസ്യങ്ങളുടെ ഉപയോഗ ക്രമം മനസ്സിലാക്കുക. | സ്കൂൾ പി.ടി.എ യോഗത്തിൽ ഔഷധലോകത്തെ നാട്ടറിവുകൾ എന്ന പദ്ധതി വിശദീകരിക്കുന്നു. സകൂളിൽ ഒരു ഔഷധ തോട്ടം തയ്യാറാക്കാൻ പി.ടി.എ യുടെ സഹായം തേടുന്നു. ഒരേതരം ചട്ടികളിൽ സസ്യങ്ങളെ വളർത്തുന്നു. രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടീയുടെ പിറന്നാൾ സമ്മാനമായോ ആരുടെയെങ്കിലും ഓർമ്മയ്ക്കായോ ചെടിചട്ടികൾ സംഭാവന നൽകാം. ചട്ടിയുടെ പുറംഭാഗത്ത് അത് നൽകിയ വ്യക്തിയുടെ പേരും വിവരങ്ങളും പെയിന്റിൽ രേഖപ്പെടുത്തുന്നു. നാട്ടറിവുകൾ രേഖപ്പെടുത്തി പുസ്തകരൂപത്തിൽ സൂക്ഷിക്കുന്നു. | 6 മാസം | സ്കൂൾ ഹരിത സേന | പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| 5 | കൃഷി ഒരു സംസ്കാരം | സ്കൂളിൽ പച്ചക്കറി കൃഷി ചെയ്ത് ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുക. പച്ചക്കറി കൃഷിയിൽ താത്പര്യം ജനിപ്പിക്കുക. ജൈവവളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിക്കേതിന്റെ അവശ്യം തിരിച്ചറിയുക | പി.ടി.എ യോഗത്തിൽ സ്കൂൾ പച്ചക്കറിത്തോട്ടത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുന്നു. തുടർന്ന് പി.ടി.എ യുടെയും കൃഷിഭവന്റെയും സഹകരണത്തോടെ ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി ആരംഭിക്കുന്നു. ജൈവവളങ്ങളും കീടനാശിനികളും പ്രാദേശികമായി സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് വിവിധ ചുമതലകൾ നൽകുന്നു. കൃഷിയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കാനും വീടുകളിൽ കൃഷി ചെയ്യാനും താത്പര്യം ജനിപ്പിക്കും വിധം കുട്ടികൾക്ക് ബോധവൽക്കരണം നൽകുന്നു. | 1 വർഷം | കൃഷിഭവൻ പി.ടി.എ | ഹരിത സേന കൺവീനർ |

# സാമൂഹ്യ ശാസ്ത്രം

| ക്രമ നം | **പദ്ധതി** | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം |
|---|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രലാബ് സജ്ജീകരണം | കുട്ടികളിൽ സാമൂഹ്യശാസ്ത്ര പഠനത്തിൽ താത്പര്യം വർദ്ധിപ്പിക്കുക. | കുട്ടികളുടെ പഠനത്തിൻ ആവശ്യമായി വരുന്ന (1 മുതൽ 10 വരെ ക്ലാസുകളിൽ) മാപ്പുകൾ, ടെലിസ്കോപ്പ്, ഗ്ലോബുകൾ, അറ്റ്ലസുകൾ, ഉപകരണങ്ങൾ (വടക്ക് നോക്കി യന്ത്രം, ബാരോമീറ്റർ, റെയിൻഗേജ്,ഹൈഗ്രോമീറ്റർ, വിന്റ് വെയിൻ) പുരാവസ്തുക്കൾ, നാണങ്ങൾ എന്നിവ സജ്ജീകരിക്കുന്നു. ആവശ്യമുള്ള സമയത്ത് കുട്ടികൾക്ക് ഇവ ഉപയോഗപ്പെടുത്താൻ കഴിയുന്നു. | 6 മാസം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ | 10000 (എസ്.എസ്.എ) |
| 2 | ഭൂപടങ്ങൾ ചുമരിൽ വരയ്ക്കൽ | വിവിധ പ്രദേശങ്ങളുടെ വിവിധ ഭൂപടങ്ങൾ പരിചയപ്പെടുക. | വൻകരകൾ, ഇന്ത്യ, കേരളം, കാസർഗോഡ് ജില്ല, ഉദുമ ഗ്രാമ പഞ്ചായത്ത് എന്നീ പ്രദേശങ്ങളുടെ രാഷ്ട്രീയ ഭൂപടങ്ങൾ, ഭൗതിക ഭൂപടങ്ങൾ ഇവ വിദ്യാലയ ചുമരുകളിൽ വരയ്ക്കുന്നു. ഏതു സമയത്തും കുട്ടികൾക്ക് ഇവ കാണാനും മനസ്സിലാക്കാനും കഴിയുന്നു. | 3 മാസം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ | 10000/- (സ്പോൺസർഷിപ്പ്) |

| | | | | | | |
|---|---|---|---|---|---|---|
| 3 | സ്കൂൾ ചുമരുകളിൽ മഹത് വചനങ്ങൾ രേഖപ്പെടുത്തൽ | മഹാൻമാരേയും അവരുടെ മഹത്വങ്ങളും തിരിച്ചറിഞ്ഞ് അവ സ്വജീവിതത്തിൽ പകർത്തുക.. | വിദ്യാലയ ചുമരുകളിൽ മാഹാന്മാരുടെ വചനങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നു. ഇത്തരം വചനങ്ങൾ സ്വജീവിതത്തിൽ പകർത്താൻ കുട്ടികൾക്ക് പ്രചോദനം നൽകും. ഒരു നല്ല മനുഷ്യനായി തീരാൻ കുട്ടിയെ പ്രാപ്തനാക്കുന്നു. | 3 മാസം | പി.ടി.എ | 5000/- പി.ടി.എ |
| 4 | സാമൂഹ്യ ശാസ്ത്ര ബോർഡ് സ്ഥാപിക്കൽ | സാമൂഹ്യ ശാസ്ത്ര വിഷയ സംബന്ധിയായ വിവരങ്ങൾ കുട്ടികൾക്ക് യഥാസമയം ലഭ്യമാക്കൽ | സാമൂഹ്യ ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് ഒരു വൈറ്റ്ബോർഡ് സ്ഥാപിക്കുന്നു. ഓരോ ദിവസത്തിന്റെയും പ്രാധാന്യം അതാത് ദിവസം രാവിലെ ഈ ബോർഡിൽ രേഖപ്പെടുത്തുന്നു.<br>സാമൂഹ്യശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ, അറിയിപ്പുകൾ, ക്വിസിനുള്ള ചോദ്യങ്ങൾ ഇവ ഈ ബോർഡിൽ പ്രദർശിപ്പിക്കാം. | 1 മാസം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ | 500/- പി.ടി.എ |
| 5 | സ്കൂൾ പാർലമെന്റ്. | കുട്ടികളിൽ ജനാധിപത്യ ബോധവും നേതൃപാടവവും വളർത്തുക. | ജനാധിപത്യ ബോധവും പരസ്പര ബഹുമാനവും നേതൃപാടവവും കുട്ടികളിൽ വളർത്തിയെടുക്കാൻ യതാർത്ഥ തെരഞ്ഞെടുപ്പിന്റെ മാതൃകയിൽ തന്നെ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു. സ്കൂളിന്റെ പഠന പാഠ്യേതര പ്രവർത്തനങ്ങൾ പാർലമെന്റ് യോഗത്തിൽ ചർച്ച ചെയ്യാനും മെച്ചപ്പെടുത്താനും സഹായിക്കുന്നു. | 2 മാസം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 500/- (സ്പോൺസർഷിപ്പ്) |
| 6 | ജലസ്രോതസ്സുകൾ- പ്രോജക്റ്റ് | നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കേതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക. | നമ്മുടെ ജലസ്രോതസ്സുകൾ ഏതൊക്കെ? അവയുടെ പഴയകാല അവസ്ഥ എന്തായിരുന്നു ഇന്നത്തെ അവസ്ഥ എന്താണ്. ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഉോ? വിവിധ ക്ലാസുകളിലെ പഠന പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് സർവേ നടത്തുന്നു. | 6 മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | 500/- പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| 7 | വീഡിയോ ശേഖരണം | പാഠ്യവസ്തുതകൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ മനസ്സിലാക്കൽ | കുട്ടികൾക്ക് പഠനം എളുപ്പമാക്കാൻ ചരിത്ര സംഭവങ്ങൾ പ്രകൃതി പ്രതി ഭാസങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, ബഹിരാകാശ ദൗത്യങ്ങൾ, സ്വാതന്ത്ര്യ സമര സംഭവങ്ങൾ മുതലായവയുടെ വീഡിയോ ശേഖരിച്ച് സൂക്ഷിക്കുന്നു. അവ യഥാസമയം സ്ക്രീനിൽ പ്രോജക്ടറിന്റെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു. പാഠ്യവസ്തുതകൾ എളുപ്പത്തിൽ മനസിലാക്കാൻ ഇവ സഹായിക്കുന്നു. | 6 മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | 500/- പി. ടി.എ |
| 8 | അഭിമുഖങ്ങൾ | കർഷകർ, ജനപ്രതിനിധികൾ, പ്രായമായവർ എന്നിവരുമായി അഭിമുഖം നടത്തി പഴയകാല പ്രത്യേകതകൾ മനസ്സിലാക്കുന്നു. | കർഷകർ, ജനപ്രതിനിധികൾ, വക്കീൽ, പ്രായമായവർ എന്നിവരുമായി അഭിമുഖം നടത്തുന്നു. കൃഷിരീതികൾ, വിത്തുകൾ, ജനാധിപത്യം, നിയമങ്ങൾ, പഴയകാല അനുഭവങ്ങൾ ഇവ മനസ്സിലാക്കാൻ ഓരോ മേഖലയിലും ഉള്ളവരുമായുള്ള അനുഭവം സഹായിക്കുന്നു. | 6 മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | 500/- പി. ടി.എ |
| 9 | ബോധവൽക്കരണ ക്ലാസ് | ലഹരി വസ്തുക്കളുടെ ദോഷങ്ങളെ പറ്റി കുട്ടികളെ ബോധവത്ക്കരിക്കുക. | ലഹരി മരുന്നുകൾ, മദ്യം, പുകയില മുതലായവയുടെ ദോഷങ്ങളെ പറ്റി കുട്ടികളെയും രക്ഷിതാക്കളെയും ബോധവത്ക്കരിക്കുന്നു. ഈ രംഗത്തെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. | 2 മാസം | പി.ടി.എ | 500/- പി. ടി.എ |
| 10 | പൊതു സ്ഥാപനങ്ങൾ സന്ദർശിക്കൽ | പൊതു സ്ഥാപനങ്ങളായ പോലീസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ, പോസ്റ്റ് ഓഫീസ് മുതലായവ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ തിരിച്ചറിയുക. | നമ്മുടെ നാട്ടിലെ പൊതു സ്ഥാപനങ്ങൾ സന്ദർശിച്ച് അവ ജനങ്ങൾക്ക് നൽക്കുന്ന സേവനങ്ങൾ മനസ്സിലാക്കുക. സ്ഥാപന മേധാവികളുമായി അഭിമുഖം നടത്തുക. സ്ഥാപന മേധാവികളുടെ ഉദ്യോഗപ്പേര് മനസ്സിലാക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത് | 3 മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | 2000/- പി.ടി.എ |
| 11 | അമ്മയും - കുട്ടിയും | കുട്ടിയുടെ പഠനത്തൽ രക്ഷിതാവിന്റെ പ്രോത്സാഹനം ഉറപ്പാക്കൽ | സ്വാതന്ത്ര്യ സമര ചരിത്രം പോലുള്ള ചരിത്ര സംഭവങ്ങളെ അടിസ്ഥാനമാക്കി സ്കൂൾ തലത്തിൽ ക്വിസ് മത്സരം നടത്തുന്നു. രണ്ടോ മൂന്നോ തലത്തിൽ തെരഞ്ഞെടുത്ത് വിജയികൾക്ക് സമ്മാനങ്ങൾ നൽക്കുന്നു. | ആഗസ്ത് - ഒക്ട്രോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 5000 ക്ലബ്ബുകൾ പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| 12 | ഭിന്നശേഷി ക്കാർക്ക് ഒരു കൈത്താങ്ങ് | ഭിന്നശേഷിക്കാരായ കുട്ടി കൾക്ക് ആത്മവിശ്വാസം നൽക്കുന്നു. | സ്കൂളിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. സ്കൂൾ അസംബ്ലി, ഭൂപടങ്ങൾക്ക് നിറം നൽകൽ, നേതാക്കളുടെ പേരും ചിത്രവും യോജിപ്പിക്കൽ, ദേശീയ പതാക നിർ മ്മാണം മുതലായ പ്രവർ ത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ - ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 10000 (സ്പോൺ സർഷിപ്പ്) |

# പ്രവൃത്തി പരിചയം

| | | | | | | |
|---|---|---|---|---|---|---|
| 1 | ആഹാരവും കൃഷിയും | സ്വന്തമായി ഭക്ഷണം ഉാക്കുവാനും കൃഷി ചെയ്യാനുമുള്ള കഴിവ് ഔഷധസസ്യത്തോട്ടം നിർമ്മിച്ച് പരിപാലിക്കാ നുള്ള കഴിവ് | ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യ വിഭങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ലഘുഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുന്നു.<br>സ്വന്തമായി ഔഷധത്തോട്ടം നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ഔഷധ സസ്യങ്ങൾ ശേഖരിക്കൽ, മാപ്പിംഗ്, തോട്ട നിർമ്മാണം, പരിപാലനം. | ജൂൺ മുതൽ ആഗസ്ത് വരെ | ടീച്ചർ | 3000/- |
| 2 | ആരോഗ്യവും ആരോഗ്യ പരി പാലനവും | കുടിവെള്ളം വൃത്തി യായും ശുദ്ധിയായും ക്ലാസ് മുറിയും പരിസ രവും വൃത്തിയായി സൂക്ഷിക്കാനുള്ള കഴിവ്. | വിവിധതരം ജലസ്രോതസ്സുകൾ പട്ടികപ്പെടുത്തുന്നു. സ്രോതസ്സുകളിൽ നിന്നുള്ള ജലം കുടിക്കുവാൻ യോഗ്യമായ രീതിയിൽ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ എർപ്പെടുന്നു. | വർഷം മുഴുവൻ | ക്ലാസ് അധ്യാപകൻ, ഹെൽത്ത് ക്ലബ്ബ് | 1000/- |
| 3 | **വസ്ത്രം** | വസ്ത്രങ്ങളിൽ ഫാബ്രിക്ക് പെയിന്റ് ചെയ്യാനുള്ള കഴിവ് | ഫാബ്രിക്ക് പെയിന്റിംഗ് - തുണിയിൽ ചിത്രം വരയ്ക്കുന്ന രീതി. ചിത്ര ങ്ങൾക്ക് അനുയോജ്യമായ നിറം നൽകൽ. ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു. കുഷ്യൻ,തലയണ, വസ്ത്രങ്ങൾ തുടങ്ങിയ സ്റ്റേഷനറി ഉൽപന ങ്ങൾ സ്വന്തമായി നിർമ്മിക്കുന്നു. | ഒക്ടോബർ | ടീച്ചർ, പി.ടി.എ | 5000/- |

| | | | | | | |
|---|---|---|---|---|---|---|
| 4 | **പാർപ്പിടം** | വിവിധതരം വീട്ടുപകരണങ്ങളുടെ മാതൃകകൾ വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാനുള്ള കഴിവ് | സ്ട്രോബോർഡ് ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ട്രേ, പെൻസിൽ ബോക്സ് തുടങ്ങിയവ നിർമ്മിക്കുന്നു. | നവംബർ | ടീച്ചർ | 1000/- |
| 5 | വിനോദം | വിവിധതരം അലങ്കാര വസ്തുക്കൾ നിർമ്മിക്കാനുള്ള കഴിവ്, കുറഞ്ഞ ചെലവിൽ ആശംസാ കാർഡുകൾ നിർമ്മിക്കാനുള്ള കഴിവ് | | ജനുവരി, ഫെബ്രുവരി മാർച്ച് | ടീച്ചർ, ക്ലബ്ബുകൾ, പി.ടി.എ | 10000/- |
| 6 | സേവനം, ഉപയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം. | മെറ്റൽഷീറ്റുക്കൊുള്ള ഉപകരണങ്ങൾ നിർമ്മിക്കാനുള്ള കഴിവ്. ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് എന്നിവയിൽ പരിശീലനം നേടുന്നു. പഠനോപകരണങ്ങൾ നിർമ്മിക്കാനുള്ള കഴിവ്. | മെറ്റൽ ഷീറ്റുകൊ് ഉപകരണങ്ങൾ നിർമ്മിക്കുന്നു. (ചട്ടുകം, ട്രേ) ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് എന്നിവ ചെയ്യുന്നു. ചെടികൾ നട്ടുവളർത്തുന്നു. വിവിധ വിഷങ്ങളുമായി ബന്ധിപ്പിച്ച് പഠനോപകരങ്ങൾ നിർമ്മിക്കുന്നു. പ്രവർത്തന രീതി മനസ്സിലാക്കുന്നു. നോട്ട് ബുക്ക് സ്വന്തമായി നിർമ്മിക്കുന്നു. | ജനുവരി, ഫെബ്രുവരി മാർച്ച് | ടീച്ചർ, ക്ലബ്ബുകൾ, പി.ടി.എ | 5000/- |

# ജി.യു.പി.എസ് നാലിലാംകണ്ടം

| സ്കൂൾ തല മാസ്റ്റർ പ്ലാൻ (അടിസ്ഥാനശാസ്ത്രം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ശാസ്ത്രോദ്യാനം – കാമ്പസ് ഒരു ശാസ്ത്രപാർക്ക്** സ്കൂൾ ക്യാമ്പസിൽ നിലവിലുള്ള ജൈവ വൈവിധ്യ പഠനകേന്ദ്രത്തിൽ ശലഭോദ്യാനം, ആമ്പൽക്കുളം എന്നിവ കൂടി ഉൾപ്പെടുത്തുക, ശാസ്ത്രോപകരണങ്ങൾ സ്ഥാപിക്കുക. നിലവിൽ പ്രീ പ്രൈമറി ക്ലാസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകളിൽ ഷീറ്റിട്ട ഭാഗം ചുറ്റിലും ഇരുമ്പ വല സ്ഥാപിച്ച് ശാസ്ത്ര പാർക്ക് ഒരുക്കുക | ജൂൺ,ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ്, ഇക്കോ ക്ലബ്ബ് | പി.ടി എ |
| | **നേരറിയാൻ – നേരിട്ടറിയാൻ** വ്യതസ്ത ആവാസ വ്യവസ്ഥകൾ പരിചയപ്പെടാൻ, പാരിസ്തിതികാഘാത പ്രവർത്തനങ്ങൾ കാണാൻ, വയലുകൾ, പുഴകൾ, കാവുകൾ, കാടുകൾ, സംയോജിത കൃഷിഫാമുകൾ, കാർഷിക ഗവേഷണകേന്ദ്രം തുടങ്ങിയ ഇടങ്ങളിലേക്ക് യാത്രകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ്ബ് | സി പി ടി എ |
| | **ചെയ്തുപഠിക്കാൻ സ്വയം കണ്ടെത്താൻ** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെയുള്ള ശാസ്ത്ര ക്ലാസുകൾ, എല്ലാവർക്കും ശാസ്ത്ര കിറ്റ്, ഹോം ലാബ്, ലഘുപരീക്ഷണക്കളരി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ്ബ് | - - - |
| 2) ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്രഗവേഷണങ്ങൾ, കണ്ടെത്തലുകൾ തുടങ്ങിയവ കൂടുതലറിയുക, അറിവ് പങ്കുവയ്ക്കുക. | **അന്വേഷിക്കാം കണ്ടെത്താം** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകൽ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | - - - |
| | **ശാസ്ത്രവാർത്താബോർഡ്** ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വാർത്തകൾ, വിസ്മയങ്ങൾ തുടങ്ങിയവ ശേഖരിച്ച് പ്രദർശിപ്പിക്കാൻ ഓരോ ക്ലാസിലും ശാസ്ത്ര വാർത്താ ബോർഡ്. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ |
| | **മുഖാമുഖം** ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖങ്ങൾ സംഘടിപ്പിക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | - - - |

| | | | | |
|---|---|---|---|---|
| | **യുറേക്കാ ക്ലാസ് ലൈബ്രറി**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br><br>**ശാസ്ത്രപഥം – ഇൻലൻഡ് മാഗസിൻ**<br>ശാസ്ത്രവർത്തമാനങ്ങൾ, ശാസ്ത്രകൗതുകങ്ങൾ കുട്ടികളുടെ ശാസ്ത്ര രചനകൾ തുടങ്ങിയവ ഉൽപ്പെടുത്തി പ്രതിമാസ പ്രസിദ്ധീകരണം<br><br>**ശാസ്ത്രവീഥി – പ്രശ്നോത്തരി**<br>ശാസ്ത്രം - ചരിത്രം, വർത്തമാനം, നൂതനാശയങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല, ഉപജില്ലാ തല ക്വിസ് മത്സരങ്ങൾ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>ജനുവരി - ഫെബ്രുവരി | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്<br><br>ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്<br><br>എസ് ആർ ജി | സി പി ടി എ<br><br>പി ടി എ<br><br>സ്പോൺസർ ഷിപ്പ് |
| 3. ശാസ്ത്രം സമൂഹനൻമയ്ക്ക് ധരയോജനപ്പെടുത്തുക. | **സ്കൂൾ സയൻസ് എക്സ്പോ**<br>ആധുനിക ശാസ്ത്ര ഗവേഷണങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ മനസ്സിലുള്ള നൂതനാശയങ്ങൾ അവതരിപ്പിക്കാനവസരം നൽകുന്ന സ്കൂൾ തല ശാസ്ത്രമേള. | സപ്തംബർ - ഒക്ടോബർ | എസ് ആർ ജി | - - - |
| 4. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക. | **വിസ്മയ സയൻസ് തിയേറ്റർ**<br>ഐ സി ടി യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ബഹിരാകാശ രഹസ്യങ്ങൾ, വെർച്വൽ പ്ലാനറ്റേറിയം, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനങ്ങൾ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഐ.ടി ക്ലബ്ബ് | - - - |

# അക്കാദമിക് പ്ലാൻ– അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടേ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ''അറബിക് മധുരം'' ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉത്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br><br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖ്, രിഖ്അ) എഴുത്തുകളാണ്.<br><br>* ഓരോ കുട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികള്ക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br><br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാല്ഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | **മത്സരങ്ങളുടെ ലോകം:** | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | **ദിനാചരണങ്ങൾ:** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ് പ്രവർത്തനം) | | | |

# സമ്പൂർണ്ണ ഹൈടെക്ക് വിദ്യാലയം

| | | | | | | |
|---|---|---|---|---|---|---|
| തങ്ങളുടെ കുട്ടികൾ മികച്ച സൗകര്യങ്ങളോടുകൂടി പഠിക്കണമെന്നുള്ളത് ഏതൊരു രക്ഷിതാവിന്റെയും ആഗ്രഹമാണ്. ഏറ്റവും മികച്ച വിദ്യാഭ്യാസം ലഭിക്കുക എന്നത് കുട്ടി യുടെ അവകാശവുമാണ്. ഈ സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിൽ ഏറ്റവും ആധുനികമായ സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കേതു്. | | | | | | |
| 1 | ഹൈടെക്ക് സ്കൂൾ | വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെ ടുത്തുക. ക്ലാസ്മുറികൾ ഹൈടെക്ക് പ്രവർത്തനങ്ങൾക്ക് സജ്ജമാക്കുക. | പഠനം നൂതനവും ഫലപ്രദവും ആകർഷണവുമാക്കുന്നതിന് ഡിജിറ്റൽ ടെക്സ്റ്റ് , ഇ-ലേണിംഗ്, മൾട്ടീമീഡിയ സംവിധാനങ്ങൾ ഒരുക്കുന്നു. സൗ് സിസ്റ്റം, മൊബൈൽ ലബോറട്ടറി എന്നിവ ഒരുക്കുന്നു. | 5 വർഷം | ഐടി ക്ലബ്ബ്, പി. ടി.എ | എം.പി / എം. എൽ.എ ഫ് സന്നദ്ധ സംഘടനക ളുടെ ധനസ ഹായം 1000000 |

| | | | | | | |
|---|---|---|---|---|---|---|
| 2 | രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരമ്പരാഗത പഠനരീതിയിൽ മാറ്റം വരുത്തി കുട്ടികളുടെ ഗൃഹപാഠങ്ങളിൽ സഹായിക്കുക | മദ്ധ്യ വേനലവധിക്ക് രക്ഷിതാക്കൾക്ക് വിദ്യാലയത്തിൽനിന്ന് കമ്പ്യൂട്ടർ പരിശീലനം നൽകുന്നു. | ഏപ്രിൽ- മേയ് | ഐടി ക്ലബ്ബ്, പി. ടി.എ | എം.പി / എം. എൽ.എ ഫ് സന്നദ്ധ സംഘടനകളുടെ ധനസഹായം 5000 |

## ഞങ്ങളുടെ സ്കൂൾ - ഞങ്ങളുടെ കുടുംബ വീട്

| | | | | | | |
|---|---|---|---|---|---|---|
| | ഒത്തു ചേരുന്ന രക്ഷിതാക്കൾ | രക്ഷിതാക്കളെ സ്കൂളിലേക്കാകർഷിക്കുക. തങ്ങളുടെ കുട്ടികളുടെ പ്രശ്നങ്ങളും സാധ്യതകളും കൃത്യമായി പഠിച്ച് പരസ്പരം പങ്കുവെച്ച് അധ്യാപകനെ പഠന പ്രവർ ത്തനങ്ങൾ നൽകുന്നതിൽ സഹായിക്കുക. | രു മാസത്തിലൊരിക്കൽ സ്കൂളിൽ രക്ഷിതാക്കളുടെ സംഗമം നടത്തുന്നു. ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു. കുട്ടികൾക്കുള്ള കലാ-കായിക മത്സരങ്ങളിൽ രക്ഷിതാക്കൾക്കും അവസരം നൽകുന്നു. | വർഷം മുഴുവനും | എസ്.ആർ.ജി പി. ടി.എ | 5000/- |
| | ഇംഗ്ലീഷ് സംസാരിക്കാം | കുട്ടികൾക്കും രക്ഷിതാക്കൾക്കും സ്പോക്കൺ ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കുന്നു. | കുട്ടികൾക്ക് പ്രവൃത്തിദിവസങ്ങളിലും രക്ഷിതാക്കൾക്ക് ശനി-ഞായർ ദിവസങ്ങളിലും ക്ലാസ്സുകൾ നൽക്കുന്നു. | ജൂലൈ - ഫെബ്രുവരി | എസ്.ആർ.ജി പി. ടി.എ | 50000/- |

| | | | | | | |
|---|---|---|---|---|---|---|
| | ഞങ്ങൾക്കും വാഹനം | വിദ്യാലയത്തിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും വിദ്യാലയ പ്രവർത്തനങ്ങളുടെ സമയം ക്ലിപ്ത മാക്കുന്നതിനും . | ദൂര സ്ഥലങ്ങളിൽ നിന്ന് വിദ്യാലയത്തിലെത്തുന്ന കുട്ടികളും, അധ്യാപകരും യാത്രാക്ലേശം അനുഭവിക്കുന്നു. ഇതിന് പരിഹാരമായി എം.പി.ഫ് ലഭ്യമാക്കി വാഹന സൗകര്യം ഏർപ്പെടുത്തുന്നു. | | പി.ടി.എ | 25,00,000 |
| | കുട്ടി ടീച്ചർ | കുട്ടികളിൽ ആത്മ വിശ്വാസം വളർത്തുന്നതിലൂടെ പഠന മികവ് ഉറപ്പിക്കുക.അവതരണ ശേഷി വർദ്ധിപ്പിക്കുക. | അധ്യാപകനും കുട്ടികളും കൂട്ടായി ആലോചിച്ച് ഒരു പാഠഭാഗം തിരഞ്ഞെടുക്കുന്നു. കുട്ടിയുടെ സംശയങ്ങൾ അധ്യാപകൻ ദൂരീകരിക്കുന്നു. കുട്ടി പാഠപുസ്തകത്തിനപ്പുറത്ത് കടന്ന് കൂടുതൽ വിവരശേഖരണം നടത്തി കൂട്ടുകാർക്ക് ക്ലാസ് എടുക്കുന്നു. | ബന്ധപ്പെട്ട വിഷയത്തിന്റെ ടീച്ചർ, എസ്.ആർ.ജി | ജൂലൈ -ഡിസംബർ | |